**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12(1), 3.12(2) എന്നിവ പ്രകാരം ചെലവഴിച്ച 2,60,000/- (2,00,000/- + 60,000/-) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

സ.ഉ(സാധാ)നം.471/2017/തസ്വഭവ തിരുവനന്തപുരം,തീയതി 18/02/2017

പരാമർശം : 1. പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 31/01/2015 തീയതിയിലെ എച്ച് സി 8517/2014 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 27/05/2016 തീയതിയിലെ എം3- 13712/2016 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29/11/2016 തീയതിയിലെ കെ.എസ്സ്.എ- 7376/പിറ്റി 3/2016 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'നിർധന വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം (06/09)', 'സ്കൂൾ തലത്തിൽ പേപ്പർ ബാഗ് നിർമ്മാണ പരിശീലനം (07/09)' എന്നീ പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും നടത്തിയ 2,60,000/- രൂപയുടെ ചെലവ് (2,00,000/- + 60,000/-) ഓഡിറ്റ് തടസ്സപ്പെടുത്തി. പ്ലാൻ ഫണ്ട് വിനിയോഗം സംബന്ധിച്ച ജി.ഒ (എം.എസ്) നം. 183/07/തസ്വഭവ തീയതി 24/07/07 നമ്പർ ഉത്തരവ് പ്രകാരം വസ്തുങ്ങൾ, യൂണിഫോമുകൾ, പുസ്തകങ്ങൾ എന്നിവയ്ക്ക് സബ്സിഡി നൽകാൻ പാടില്ലാത്തതും പരിശീലന പരിപാടികൾ സ്വയംതൊഴിൽ ആരംഭിക്കുന്നതിന്റെ ഭാഗമായോ തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ള മേഖലകളിലോ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവായതിനാലാണ് ഓഡിറ്റ് 2,60,000/- രൂപ തടസ്സപ്പെടുത്തിയത്.

2) പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ടവരും വളരെ പാവപ്പെട്ടവരുമായ വിദ്യാർത്ഥികൾക്കാണ് സ്കൂൾ യൂണിഫോം നൽകിയതെന്നും തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പിന്റെ 19/10/2010 -ലെ നം.44667/ഇഎം2/08/തസ്വഭവ സർക്കുലർ പ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, പഠന സഹായികൾ, യൂണിഫോം മുതലായവ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നതിനാലുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും അതുപോലെ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ഉദ്ദേശത്തിന്റെ ഭാഗമായാണ് സ്കൂൾ തലത്തിൽ പേപ്പർ ബാഗ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കിയതെന്നും ഇത് 12 വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ ഉപകാരപ്രദമായിരുന്നുവെന്നും മേലിൽ

സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾ മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ആയതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. **പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.** തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പിന്റെ 19/10/2010-ലെ നം.44667/ഇഎം2/08/തസ്വഭവ സർക്കുലർ പ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, പഠന സഹായികൾ, യൂണിഫോം മുതലായവ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണെന്ന് സ്പഷ്ടീകരിച്ചിട്ടുള്ളതിനാലും പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ടവരും വളരെ പാവപ്പെട്ടവരുമായ വിദ്യാർത്ഥികൾക്കാണ് സ്കൂൾ യൂണിഫോം നൽകിയതെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ഖണ്ഡികയിലെ പരാമർശത്തിന്മേൽ സാധൂകരണം നൽകുന്നതിന് സർക്കാരിന് തീരുമാനമെടുക്കാമെന്ന് **പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്. അതുപോലെ** സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.11 പ്രകാരം സ്വയംതൊഴിൽ സംരംഭത്തിന് നയിക്കുന്നതോ തൊഴിൽ ലഭിക്കുമെന്ന് ഉറപ്പാക്കുന്നതോ ആയ പരിശീലന പരിപാടികൾ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താൻ പാടുള്ളൂവെന്നതിനാലും പരാമർശിത പ്രൊജക്ടിൽ പരിശീലനം നൽകുകയല്ലാതെ തുടർ ഫലം എന്താണെന്ന് പഞ്ചായത്ത് വിശദീകരിച്ചിട്ടില്ലാത്തതിനാലും ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, പഞ്ചായത്ത് ഭരണസമിതി തീരുമാനം, തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പിന്റെ സർക്കുലർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ മറുപടി എന്നിവ കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12(1), ഖണ്ഡിക 3.12(2) എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ യഥാക്രമം 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ), 60,000/- രൂപ (അറുപതിനായിരം രൂപ) എന്നിവയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ